**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5428 01.07.2019-ലെ മറുപടിയ്ക്ക്

## സ്പോർട്സ് ഹോസ്റ്റലുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എൻ.എ.ഖാദർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സ്പോർട്സ് ഹോസ്റ്റലുകളിൽ മെസ് നടത്തുന്നതിന് സ്പോർട്സ് കൗൺസിൽ മുഖേന തുക അനുവദിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; ഓരോ വിദ്യാർത്ഥിക്കും പ്രതിദിനം എത്ര രൂപ നിരക്കിലാണ് മെസ് ചെലവ് അനുവദിക്കുന്നത്; ഈ ഇനത്തിൽ സർക്കാരിന്റെ പ്രതിമാസ ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ മാസംതോറും അതാത് ജില്ലകളിലെ ഹോസ്റ്റൽ മെസ്സ് നടത്തിപ്പിലേക്ക് വേണ്ടി വരുന്ന തുക ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് ടി തുക ഓരോ ഹോസ്റ്റലിനും ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖാന്തിരമാണ് അനുവദിക്കുന്നത്. ഓരോ വിദ്യാർത്ഥിക്കും പ്രതിദിനം 200/-രൂപ നിരക്കിലാണ് മെസ്സ് ചെലവ് അനുവദിക്കുന്നത്. ഈയിനത്തിൽ പ്രതിമാസം ഏകദേശം 1,80,00,000/- രൂപ സർക്കാരിന് ചെലവ് വരുന്നുണ്ട്. |
| (ബി) | ഈ തുക അനുവദിക്കുന്നത് ഇപ്പോൾ കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് കുടിശ്ശിക ആയതെന്നും ഇതിന് കാരണമെന്തെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിൽ കുടിശ്ശികയില്ല |
| (സി) | കരാർ ജീവനക്കാരെ നിയോഗിച്ച് ഭക്ഷണം തയ്യാറാക്കി | (സി) | നിലവിൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഹോസ്റ്റലുകൾ |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ട ചുമതല സീനിയർ കോച്ചുമാരിൽ നിക്ഷിപ്തമായിരിക്കെ, സർക്കാർ തുക അനുവദിച്ചില്ലെങ്കിലും മാനുഷിക പരിഗണനയിൽ സ്വന്തം നിലക്ക് വായ്പ വാങ്ങിയും മറ്റും ഇത്രയും കാലം ഹോസ്റ്റലുകൾ നടത്തിക്കൊണ്ടുപോയത് കാരണം കോച്ചുമാർ കടക്കെണിയിലായതും ഹോസ്റ്റലുകൾ അടച്ചുപൂട്ടലിന്റെ വക്കിലെത്തിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | | പ്രവർത്തിച്ചു വരുന്നത്. സ്പോർട്സ് ഹോസ്റ്റലുകൾക്കുള്ള ധനസഹായം കൃത്യമായി അനുവദിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**